ചാത്തന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് കെട്ടിട നിർമ്മാണം

115 (1192) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ അടിസ്ഥാന സൗകര്യമില്ലായ്മയും ക്ലാസ് മുറിയുടെ അഭാവവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ടുള്ള അപേക്ഷയും വിശദമായ എസ്റ്റിമേറ്റും ലഭിച്ചിരുന്നോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ അനുകൂല നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ചാത്തന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ വൊക്കേഷണൽ വിഭാഗത്തിനായുള്ള കെട്ടിട നിർമ്മാണത്തിന്റെ അപേക്ഷയും വിശദമായ എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി 400 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ പ്രസ്തുത സ്കൂളിലെ വൊക്കേഷണൽ വിഭാഗത്തിനായുള്ള കെട്ടിട നിർമ്മാണാവശ്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി

116 (1193) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി നടപ്പാക്കുന്നതിന് എത്രയെല്ലാം സഹായങ്ങളാണ് സർക്കാർ നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വിഭവങ്ങളാണ് കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി എത്ര തുക വീതമാണ് അനുവദിച്ചു നൽകുന്നതെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏത് ക്ലാസ് വരെയുള്ള കുട്ടികളെയാണ് ഉച്ചഭക്ഷണം ലഭിക്കുന്നതിന് അർഹരായവരായി ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതിക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ഏത് വീതമെന്നും വെളിപ്പെടുത്തുമോ;

(ഡി) ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനായി ഏത് തുക വീതമാണ് സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ളതെന്നും തികയാതെ വരുന്ന തുക ഏത് രീതിയിൽ കണ്ടെത്താനാണ് സ്കൂളുകൾക്ക് അനുവാദം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രീ പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിന് കുട്ടി ഒന്നിന് സ്കൂൾ പ്രവൃത്തി ദിവസം യഥാക്രമം 30 ഗ്രാം, 100 ഗ്രാം, 150 ഗ്രാം എന്നീ നിരക്കിൽ ഒരു മാസത്തേക്ക് ആവശ്യമായ അരി മുൻകൂറായി ബന്ധപ്പെട്ട മാവേലി സ്റ്റോർ മുഖേന സ്കൂളുകൾക്ക് നൽകി വരുന്നു. കുട്ടികൾക്ക് പോഷകപ്രദമായ ആഹാരം പാചകം ചെയ്ത് നൽകുന്നതിനു കുട്ടി ഒന്നിനു സ്കൂൾ പ്രവൃത്തി ദിനത്തിൽ 5 രൂപ നിരക്കിൽ മുൻകൂറായി സ്കൂൾ പ്രഥമ അധ്യാപകർക്കു നൽകുന്നു. കൂടാതെ ആഹാരം പാചകം ചെയ്ത് വിതരണം ചെയ്യുന്ന പാചക തൊഴിലാളികൾക്ക് സ്കൂൾ പ്രവൃത്തിദിനത്തിന് മിനിമം 350 രൂപ മുതൽ പരമാവധി 400 രൂപ വരെ സ്കൂൾ പ്രഥമ അദ്ധ്യാപകർക്ക് മുൻകൂറായി നൽകി വരുന്നു.

(ബി കുട്ടികളുടെ ശാരീരിക-മാനസിക വളർച്ചയ്ക്കും വികാസത്തിനും രോഗ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും ശാരീരിക പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജ്ജം പ്രദാനം ചെയ്യുന്നതിനും ഉതകുന്ന തരത്തിൽ എല്ലാ പോഷകഘടകങ്ങളും ആവശ്യമായ അളവിലും അനുപാതത്തിലും കിട്ടത്തക്കവിധത്തിൽ പ്രാദേശിക സാഹചര്യവും കൂടി കണക്കിലെടുത്ത് വൈവിധ്യമായ ഭക്ഷണം പ്രതിദിനം നിശ്ചയിക്കുവാൻ അതത് സ്കൂൾ തൂൺമീൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട് കുട്ടി ഒന്നിന് പ്രതിദിനം 5/- രൂപ നിരക്കിൽ തുകയും അനുവദിച്ചു നൽകുന്നു.

(സി) കേന്ദ്ര മാനദണ്ഡപ്രകാരം സർക്കാർ/എയ്ഡഡ് മേഖലയിലെ 1 മുതൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾ പദ്ധതിയിൽപ്പെടുന്നു. സംസ്ഥാനത്ത് സർക്കാർ/ എയ്ഡഡ് മേഖലയിലെ പ്രീപ്രൈമറി മുതൽ 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നു. ഉച്ചഭക്ഷണവിതരണത്തിന് കേന്ദ്രസർക്കാർ താഴെപ്പറയും പ്രകാരം വിഹിതം അനുവദിച്ചു നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉച്ചഭക്ഷണത്തിന് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ അരിയും ആയതിനുള്ള വിലയും (മെട്രിക് ടണ്ണിന് 5650 രൂപ) എഫ്.സി.ഐ.-യിൽ നിന്നും അരി ലിഫ്റ്റ് ചെയ്യുന്നതിന് കടത്തുകൂലിയായി മെട്രിക് ടണ്ണിന് 750 രൂപയും കുട്ടികൾക്ക് പോഷകപ്രദമായ ആഹാരം നൽകുന്നതിന് (പച്ചക്കറി, പലവ്യഞ്ജനം, എണ്ണ, വിറക് മുതലായവ) പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം കുട്ടികൾക്ക് യഥാക്രമം 2.82 രൂപ, 4.23 രൂപ നിരക്കിൽ അനുവദിക്കുന്നു. സ്കൂൾ പാചക തൊഴിലാളികൾക്ക് മാസം 750 രൂപയും പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിന് അരിയുടെ വില, കടത്തുകൂലി, കണ്ടിജന്റ് ചാർജ്ജ്, പാചക തൊഴിലാളികളുടെ വേതനം എന്നിവയുടെ ആകെ തുകയുടെ 1.8% തുകയും അനുവദിച്ചു നൽകുന്നു. സംസ്ഥാനം അരിയുടെ കടത്തുകൂലിയായി കേന്ദ്രവിഹിതം കൂടാതെ മെട്രിക് ടണ്ണിന് 1400 രൂപയും കണ്ടിജന്റ് ചാർജ് ഇനത്തിൽ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിന് കുട്ടി ഒന്നിന് യഥാക്രമം 2.18 രൂപ, 77 പൈസ എന്നീ നിരക്കിൽ അനുവദിക്കുകയും സ്കൂൾ പാചക തൊഴിലാളികൾക്ക് സ്കൂൾ പ്രവൃത്തിദിവസം മിനിമം 350 രൂപ മുതൽ പരമാവധി 400 രൂപ നിരക്കിലും വേതനം നൽകി വരുന്നു.

(ഡി) 150 കുട്ടികൾവരെയുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 5 രൂപയും 350 രൂപ പാചകകൂലിയും 151 മുതൽ 500 വരെ കുട്ടികളുള്ള സ്കൂളുകളിൽ പ്രതിദിനം കുട്ടിയൊന്നിന് 6 രൂപ (പാചക കൂലി ഉൾപ്പെടെ) 501-ൽ മുകളിൽ വരുന്ന സ്കൂളുകളിൽ ഓരോ കുട്ടിക്കും പ്രതിദിനം 5 രൂപ വീതവും (പാചക കൂലി ഉൾപ്പെടെ) എന്ന നിരക്കിൽ നിലവിൽ പ്രവൃത്തി ദിവസം സ്കൂളുകൾക്ക് അനുവദിച്ചുനൽകുന്നു. ടി തുക തികയാതെ വരുന്ന പക്ഷം അടുത്ത ഗഡുക്കളായി വീണ്ടും ഇതേ രീതിയിൽ തുക അനുവദിച്ചു നൽകുന്നുമുണ്ട്.

സ്കൂളുകൾക്ക് അംഗീകാരം

117 (1194) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര എയിഡഡ് സ്കൂളുകൾക്കും എത്ര അൺ എയിഡഡ് സ്കൂളുകൾക്കും അംഗീകാരം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) സർക്കാർ അനുമതിയില്ലാതെ എത്ര അൺ എയ്ഡഡ് സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly